# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂതക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം/ പി5/1243/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/07/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം/ പി5/1243/2025 തീയ്യതി: 20/07/2025

## കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജി സജികുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 26-05-2025 | 04-06-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-05-2025 | 04-06-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽ. ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.അരുൺ കുമാർ. എ. അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജയകുമാരിയമ്മ.ജി,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. എസ്. ശ്രീകുമാർ, സീനിയർ ഗ്രേഡ്. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്മിണി അമ്മ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.രാജേഷ് കുമാർ ആർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിജോയ് മാത്യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. അനൂപ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ. ഷിമ്മി എസ് രാജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. നാസിയ എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ. ബികാസ് ജി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ. സാലുമോൾ എസ് എസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ആശ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ. അരുൺ കുമാർ എസ് | വി.ഇ.ഒ. | 01-04-2024 | 31-03-2025 |
| ശ്രീ. ഷാജി | വി.ഇ.ഒ. | 01-04-2024 | 31-03-2025 |
| ശ്രീമതി. ജിഷ | ഹെഡ് മിസ്റ്റസ് | 01-04-2024 | 31-03-2025 |
| ശ്രീ. ശ്രീനാഥ് ആർ | കൃഷി ഓഫീസർ (ഇൻ-ചാർജ്) | 01-04-2024 | 07-04-2024 |
| ശ്രീ. സുഭാഷ് പി | കൃഷി ഓഫീസർ | 08-04-2024 | 31-03-2025 |
| ശ്രീമതി. സന്ധ്യ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. മനമോഹൻ എം ജി | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ജി.എസ്. | 01-04-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ലോൺ രജിസ്റ്റർ-ലോൺ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. | 1-1-3 |
| 5 | 320300199 ശീർഷകത്തിൽ ഉൾപ്പെട്ട വരവു തുകയിൽ വ്യത്യാസം | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 15 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20% നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. | 1-11 |
| 16 | പ്രാഥമിക മേഖലിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു | 1-12 |
| 17 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ കുറച്ച് വസ്തു നികുതി നിർണ്ണയിച്ചു | 1-13 |
| 18 | ഇ-ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല | 1-14 |
| 19 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല. | 1-15 |
| 20 | അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-16 |
| 21 | വ്യക്തിഗത കക്കൂസ് നിർമ്മാണം - ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല. | 1-17 |
| 22 | മെൻസ്ട്രൽ കപ്പ് വിതരണം നടത്തിയില്ല-ചെലവ് തുക 19500/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-18 |
| 23 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമായില്ല. | 1-19 |
| 24 | സ്കോളർഷിപ്പ് അധികം നൽകിയ തുക അടവാക്കി | 1-20 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 47,65,500 /-രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 26 | തെരുവുവിളക്ക് പരിപാലനം -അപാകതകൾ | 1-22 |

| | | |
|---|---|---|
| 27 | ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 28 | ഹരിതകർമ്മ സേനയുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല. | 1-24 |
| 29 | ഹൈമാസ്റ്റ് ലൈറ്റ് പരിപാലനവും പ്രവർത്തനവും കാര്യക്ഷമമാകണം | 1-25 |
| 30 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം | 1-26 |
| 31 | ജലജീവൻ മിഷൻ പദ്ധതി | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.04.2025 ലെ 1(5) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 9.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി :20-07-2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 53366096/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം ( 40 B – 40 A ) = 11568698/-രൂപ

വ്യത്യാസം = 41797398/-രൂപ

### 1-1-3 ലോൺ രജിസ്റ്റർ-ലോൺ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ മുന്നിരിപ്പ് ,നൽകിയ തുക,നീക്കിയിരുപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-4 320300199 ശീർഷകത്തിൽ ഉൾപ്പെട്ട വരവു തുകയിൽ വ്യത്യാസം

RP 30-320300199 ശീർഷകത്തിൽ ഉൾപ്പെട്ട വരവു തുക 5711/- രൂപയാണ് .എന്നാൽ ലഡ്ജർ പ്രകാരം വരവു തുക

5722/- രൂപയാണ്.

1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 09.02.2024 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 24.02.2025 തീയതിയിലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,44,66,770.00/- |
| വരവ് | 7,33,17,968.00/- |
| ആകെ | 9,77,84,738.00/- |
| ചെലവ് | 6,17,49,270.00/- |
| നീക്കിയിരിപ്പ് | 3,60,35,468.00/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 54,57,976/- |

**വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,75,24,000/- | 1,75,24,000/- | 1,75,23,702/- | 298/- |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1,16,66,000/- | 1,16,66,000/- | 1,16,66,000/- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-Bank | 37,25,920/- | 67,92,000/- | 1,05,17,920/- | 41,76,006/- | 63,41,914/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)-Bank | 20,84,069/- | 29,52,000/∓ 2,37,972= 31,89,972 | 52,74,041/- | 45,02,000/- | 7,72,041/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-Treasury | - | 1,34,210 | 1,34,210 | - | 1,34,210 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)-Treasury | - | 9,493 | 9,493 | - | 9,493 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,55,86,000/- | 1,55,86,000/- | 1,32,72,725/- | 23,13,275/- |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 52,53,000/- | 52,53,000/- | 43,19,552/- | 9,33,448/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. (ഭരണ ചെലവുകൾ) | 290/- | 13,99,777/- | 14,00,067/- | 13,29,710/- | 70,357/- |
| ശുചിത്വ മിഷൻ | 3,53,242/- | 9,53,747/- | 13,06,989/- | 12,49,245/- | 57,744/- |
| ടോട്ടൽ സാനിട്ടേഷൻ | 3,45,700/- | 13,827/- | 3,59,527/- | 50 | 3,59,477/- |
| ഫണ്ട് ഫോർ ട്രാൻസ്ഫേഡ് ഇൻസ്റ്റിറ്റ്യൂഷൻ (ഹോമിയോ ആശുപത്രി) | 5,00,000/- | - | 5,00,000/- | 0 | 5,00,000/- |
| ഗ്രാന്റ് ഫ്രം അദർ ഗവൺമെന്റ് ഏജൻസീസ് | 2,00,259/- | 5,722/- | 2,05,981/- | 11 | 2,05,970/- |
| അഗ്ലോമറേഷൻ ഫണ്ട് | 0 | 39,79,117/- | 39,79,117/- | 39,79,117/- | 0 |
| ഹെൽത്ത് ഗ്രാന്റ് (സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ റ്റു ദ പ്രൈമറി ഹെൽത്ത് കെയർ ഫസിലിറ്റീസ്) | 3,36,995/- | 4,22,232/- | 7,59,227/- | 3,00,336/- | 4,58,891/- |
| ഹെൽത്ത് ഗ്രാന്റ് | 1,53,196/-- | 6,56,955/- | 8,10,151/- | 1,05,967/- | 7,04,184/- |

| | | | | | |
|---|---|---|---|---|---|
| (കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സീസ് & സബ് സെന്റേഴ്സ് ഇൻറു ഹെൽത്ത് കെയർ ഫെസിലിറ്റീസ് | | | | | |
| ഐ.സി.ഡി.എസ് | 17,41,628/- | 33,06,868/- | 50,48,496/- | 16,12,155/- | 34,36,341/- |
| റൂറൽ ഹൌസിംഗ് ഫോർ ആൾ | 25,56,032/- | 50,83,767/- | 76,39,799/- | 40,50,069/- | 35,89,730/- |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 134902512 | 143 | 86804054 | 0 | 57 | 72 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. ഭരണ ചെലവുകൾ | 290/- | 1399777/- | 1400067/- | 1329710/- | 70357/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി | 0 | 3,4018997/- | 3,4018997/- | 3,4018997/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽ രഹിത വേതനം | 720 |
| കർഷകതൊഴിലാളി പെൻഷൻ | 25,21,800 |
| വാർദ്ധക്യകാലപെൻഷൻ | 3,76,08,800 |
| ഭിന്ന ശേഷിക്കാരുടെ പെൻഷൻ | 72,48,200 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 4,11,200 |
| വിധവാപെൻഷൻ | 2,67,55,100 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-05-2025 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 34219/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

.
ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്.

. വരവായി സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്.

. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാ വർഷവും കൂടുന്നുണ്ട് എന്നാൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല. പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും, പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും മോണിറ്ററിംഗ് അനിവാര്യമാണ്.

തൻ വർഷം രണ്ട് തവണ മാത്രമാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ കൂടണം എന്ന ക്രമം പാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| പെർഫോമൻസ് ഓഡിറ്റ് | 15/01/2023 | 10/2022 – 12/2022 | 13/02/2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/04/2017 – 18/04/2017 | 2012-13 – 2016-17 | 31/05/2017 |

## 1-11 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20% നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം(ച.മി) | നിരക്ക് | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക | റോഡിന്റെ വിവരം |
|---|---|---|---|---|---|---|---|
| 10 | 605 | ജീജ | 51.07 | 45.15 | 2,306 | 461 | പരവൂർ-ഊന്നിമൂട് |
| 10 | 708 | ജീജ | 34.46 | 45.15 | 1555 | 311 | പരവൂർ-ഊന്നിമൂട് |
| 10 | 709 | ജീജ | 93.69 | 45.15 | 4,230 | 846 | പരവൂർ-ഊന്നിമൂട് |
| 01 | 919 | പ്രസന്ന | 159.68 | 66.15 | 10,562 | 2112 | കോട്ടുവൻക്കോണം-ചക്കവിള |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11,13/03.06.2025

## 1-12 പ്രാഥമിക മേഖലിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

15-07-2023ലെ 4(1)നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് പ്രദേശത്തെ സർവ്വേ നമ്പർ അടിസ്ഥാനത്തിൽ പ്രാഥമിക,ദ്വദീയ,തൃതീയ മേഖലകളായി തിരിച്ചിരുന്നു.വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ ഉൾപ്പെടുത്തി 10%നികുതി ഇളവ് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച.മിറ്റർ | ഉപയോഗക്രമം | നിരക്ക് (ച.മീറ്റർ) | സർവ്വേ നമ്പർ | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനംകുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക |
|---|---|---|---|---|---|---|---|---|
| 10 | 694 | മരളീധരൻ പിള്ള | 66 | വാണിജ്യം | 45.15 | 279/2 | 2979.90 | 298 |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 10/03.06.2025

## 1-13 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ കുറച്ച് വസ്തു നികുതി നിർണ്ണയിച്ചു

A. ശ്രീമതി സിന്ധു.എസ്, മാനേജർ കെ.ജി.എം സ്കൂൾ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം 210.71ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള വിദ്യാഭ്യാസവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 109.7ച.മീറ്ററിന് മാത്രമാണ്(കെട്ടിടനമ്പർ 5/1031ൽ 31.27ചതുരശ്രമീറ്റർ, കെട്ടിടനമ്പർ 5/1032ൽ 78.43 ചതുരശ്രമീറ്റർ ) വസ്തുനികുതി നിർണ്ണയത്തിൽ നിന്നും 101.01ചതുരശ്രമീറ്റർ ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 12/03.06.2025

B) മൊബൈൽ ടവറിന്റെ വിസ്തീർണ്ണം കുറച്ച് വസ്തുനികുതി നിർണ്ണയിച്ചു

ഇൻഡസ് ടവറിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ

വസ്തുനികുതി നിർണ്ണയിച്ച് വാർഡ് നമ്പർ 2-ൽ കെട്ടിട നമ്പർ 818 ആയി കെട്ടിട നമ്പർ നൽകി. ടവറിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് താഴെ പറയുന്നപ്രകാരമാണ്.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | ടവറിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി (ച.മീറ്ററിന് 630/- രൂപ നിരക്കിൽ) |
|---|---|---|---|
| ഇൻഡസ് ടവർ | 2/818 | 8.77$m^2$ | 5525/-രൂപ |

04/06/2025ൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ ടവറിന് 8.77$m^2$ വിസ്തീർണ്ണവും, ജനറേറ്റർ റൂമിന് 6$m^2$വിസ്തീർണ്ണവും ഉണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ ജനറേറ്റർ റൂം ഒഴിവാക്കിയാണ് നികുതി നിർണ്ണയിച്ചത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 17/03.06.2025

## 1-14 ഇ-ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല

ഇ-ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില 14.10.22 വരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിലും, തുടർന്ന് ഗ്രാമപഞ്ചായത്ത് അസി.എൻജിനീയറുടെ അക്കൌണ്ടിലുമാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.ഇപ്രകാരം ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് 347644/-രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിൽ അവശേഷിക്കുന്നതായി മറുപടി ലഭ്യമാക്കി തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 15/03.06.2025

## 1-15 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 400000/- ഹോംക്കോയ്ക്ക് മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ആകെ അടങ്കൽ (₹) | ആകെ ചെലവ് തുക (₹) | ബിൽ നം./തീയതി | പെർഫോമ ഇൻവോയിസ് | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|
| 34/25 | 400000 | 400000 | 04/2024തീയതി 17-02-25 | PRF-1275/10-02-2025 | 400000 |

മരുന്നുകൾ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കുന്നതുവരെ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 400000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക – 4,00,000/-

## 1-16 അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി 27.03.2023 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി, ഹയർ സെക്കൻഡറി തലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി നിയമത്തിലെ വകുപ്പ് 207(ബിഎ) എന്ന ഭാഗം ഒഴിവാക്കുകയും ചെയ്തു. ഇത് പ്രകാരം സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന അൺ എയ്ഡഡ് സ്കൂളിൽ നിന്നും തൻവർഷം വസ്തുനികുതി ഈടാക്കിയിട്ടില്ല.

1) നവജ്യോതി പബ്ലിക്ക് സ്കൂൾ

2)ഹരിശ്രീ സ്കൂൾ

3)അമൃത സ്കൂൾ

4) കെ.ജി.എം സ്കൂൾ

5)ബാബജി സ്കൂൾ

6)ഐശ്വര്യ സ്കൂൾ

അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും നികുതി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി -14/03.06.25

## 1-17 വ്യക്തിഗത കക്കൂസ് നിർമ്മാണം - ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല.

പ്രോജക്റ്റ് നം - 183/25

വ്യക്തിഗത കക്കൂസ് നിർമ്മാണം. (ജനറൽ)

അടങ്കൽ - ₹ 1600000/- (സി.എഫ്.സി -₹ 160000/-, കേന്ദ്രാവിഷ്കൃതം. – ₹1440000)

ആകെ ചെലവ് -656000/- ₹/- (₹32000- സി.എഫ്.സി, ₹624000/- കേന്ദ്രാവിഷ്കൃതം.)

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

കക്കൂസ് നിർമ്മാണത്തിനായി ഒരു ഗുണഭോക്ത്താവിന് 20000/-രൂപ (ലൈഫ് ഇതരം) നൽകുന്ന മേൽ പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സീരിയൽ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക/ബിൽ നം | ലഭ്യമാക്കിയ മറുപടി യുടെ വിവരം |
|---|---|---|---|
| 1 | സിന്ധു.പി, പറണ്ടക്കുളത്ത് വീട് , പുത്തൻകുളം. വാർഡ്-6 | 8000/- 759/27-3-25 | പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി |
| 2 | സുശീല, ചരുവിളവീട്, കുനംകുളം, വാർഡ്-3 | 8000 713/20.3.25 | പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി |

മേൽ ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയതുക പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം -5/30.5.25

## 1-18 മെൻസ്ട്രൽ കപ്പ് വിതരണം നടത്തിയില്ല-ചെലവ് തുക 19500/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്റ്റ് നമ്പർ – 36/25

പ്രോജക്റ്റിന്റെ പേര് – മെൻസ്ട്രൽ കപ്പ് വിതരണം

അടങ്കൽ –320000/-രൂപ

ചെലവ് – 90197/-രൂപ

ഫണ്ടിനം -ധനകാര്യ കമ്മീഷൻ അവാർഡ്

അനുവാദ ഉത്തരവ് നം.-598/19-2-25,603/20.2.25

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രസ്താവിത പദ്ധതി പ്രകാരം HLL ലൈഫ് കെയറിന്റെ ടാക്സ് ഇൻവോയിസ് പ്രകാരം -No.9423057078/14-3-25) ആകെ 296 മെൻസ്ട്രൽ കപ്പുകൾ വാങ്ങുന്നതിനായി 88797/-രൂപയും ബോധവത്കരണ ചെലവിനായി 1400/- രൂപയും ഉൾപ്പടെ ആകെ 90197/- രൂപ ചെലവാക്കി. ഹാജരാക്കിയ രേഖകൾ പ്രകാരം 65 മെൻസ്ട്രൽ കപ്പുകൾ വിതരണം നടത്താൻ അവശേഷിക്കുന്നു. മെൻസ്ട്രൽ കപ്പുകൾ വിതരണം നടത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ വിതരണം നടത്താത്ത മെൻസ്ട്രൽ കപ്പുകളുടെ ചെലവ് തുക 19500/- രൂപ(65*300) തടസ്സത്തിൽ വയ്ക്കുന്നു. വിതരണ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/30.5.25

തടസ്സപ്പെടുത്തിയ തുക – 19500/-

## 1-19 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യേഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ /ഉപകരണങ്ങൾ പൂർണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ പേര് | ആകെ അടങ്കൽ (₹) | ആകെ ചെലവു തുക (₹) | നൽകിയ തുക (₹) | ബിൽ നം./തീയതി | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ പെർഫോമ | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഇൻവോയിസ് | |
| 31/25 | 2500000<br>( ) | 1881399/- | 149981-<br>KMSCL- | 12/12-12-24 | PRF-937/<br>16-8-24 | 142011 |
| | | | 300000<br>KMSCL | 10/8-8-24 | PRF-669/20.7.24 | 106437 |
| | | | 24528 | 20/7-3-25 | PRF-3233/27-1-25 | 24528 |
| | | | | | ആകെ | 272976 |

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം രേഖകൾ സഹിതം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.ആയതിനാൽ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കുന്നതുവരെ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 272976/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി-4/30.5.25

തടസ്സപ്പെടുത്തുന്ന തുക- 272976 രൂപ

## 1-20 സ്കോളർഷിപ്പ് അധികം നൽകിയ തുക അടവാക്കി

പ്രോജക്റ്റ് നമ്പർ 49/25

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ആകെ അടങ്കൽ-9,40,000/-എസ്.സി.പി

ആകെ ചെലവ് -9,10,000/-

പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പിലാക്കിയ മേൽ പ്രസ്താവിത പദ്ധതി പ്രകാരം സന്തൃ ഗിരീഷ് പൂമംഗലം, വാർഡ് -2 എന്ന ഗുണഭോക്താവിന് 25000 രൂപ നൽകിയിട്ടുണ്ട്. ( UTR.No-RBI 0742501727839 തീയതി-13-3-25) എന്നാൽ സർക്കാർ ഉത്തരവ് (കൈ )നമ്പർ 115/2022/ തൽസ്വഭ തീയതി 28 -5 -2022 , ഖണ്ഡിക 7-2-4 പ്രകാരം പോളിടെക്നിക്ക് /എറ്റിഐ -ൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 20,000 രൂപയാണ് അനുവദനീയം . ഫയലും , കോഴ്സ് സർട്ടിഫിക്കറ്റും ( Course Certificate -CI /Training 2024/20.12.24) പരിശോധിച്ചതിൽ പ്രസ്തുത ഗുണഭോക്താവ് ഗവൺമെന്റ് ഐടിഐ ചന്ദനത്തോപ്പിലെ പഠിതാവാണ് (2023-2025 ). ഇരുപതിനായിരം രൂപ നൽകേണ്ടതിന് പകരം 25000/- രൂപ നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 30.05.2025 ലെ രസീത് നമ്പർ-R-G021001-25000878 പ്രകാരം അധികം നൽകിയ 5000/- രൂപ ഒടുക്കു വരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കി. ഇപ്രകാരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-3/30.5.25

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 47,65,500 /-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം./പേര് | അടങ്കൽ /ഫണ്ടിനം | ഒടുക്കു വരുത്തിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ/ തീയതി | തുക കൈ പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 60/25 നഗര സഞ്ചയ പദ്ധതി-പാണാട്ട് ചിറയിൽ പാർശ്വഭിത്തി ഷട്ടർ നിർമ്മാണം | 10,51,000 (അർബൻ അഗ്ലോമറേഷൻ ഫണ്ട്) | 10,51,000 | 265812 19/03/25 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ,കൊല്ലം |
| 98/25 കലക്കോട് തെക്കേ ഏലത്തോട് നവീകരണം | 12,14,500 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1214500 | 515/ 19/03/25 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ,കൊല്ലം |
| 99/25 മാത്തിൽ കുളം ഏലാത്തോട് നവീകരണം | 1000000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1000000 | 361/ 22/01/25 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ,കൊല്ലം |
| 115/25 മാലിന്യ നിക്ഷേപമുള്ള മേഖലകളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ | 1000000(അർബൻ അഗ്ലോമറേഷൻ വിഹിതം) | 1000000 | 265811 19/03/25 | AE, PWD ഇലക്ട്രോണിക്സ് സെക്ഷൻ, കൊല്ലം |
| 125/25 മാലിന്യനിക്ഷേപം ഉള്ള മേഖലകളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ | 500000(അർബൻ അഗ്ലോമറേഷൻ വിഹിതം) | 500000 | 265811 19/03/25 | AE, PWD ഇലക്ട്രോണിക്സ് സെക്ഷൻ, കൊല്ലം |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 4765500/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 4765500/-

ഓഡിറ്റ് അന്വേഷണം – 7/2.6.25

## 1-22 തെരുവുവിളക്ക് പരിപാലനം -അപാകതകൾ

പൊതുനിരത്തുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കലും, അവയുടെ പരിപാലനവും 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ ഒന്നാം പട്ടിക പ്രകാരം ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് പരിപാലനത്തിനും, പുതിയ പോസ്റ്റുകളിൽ എൽ.ഇ.ഡി. ബൾബുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക (₹) | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|---|
| 1. | 126/25, തെരുവ് വിളക്ക് മെയിന്റനൻസ്/ ഉപകരണങ്ങൾ വാങ്ങൽ | 204440/- (വികസന ഫണ്ട് ജനറൽ) | 203573/- | 84/12.8.24 |
| 2. | 24/25 തെരുവ് വിളക്ക് മെയന്റനൻസ്/ ഉപകരണങ്ങൾ വാങ്ങൽ | 450000/- | 147498/-<br>95230/-<br>136304/- | 290083/8.10.24,000325/8.10.24<br>2900113/20.12.24 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലും, പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/2015 തീയതി 17.08.2015 നമ്പർ ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പൂർണ്ണമായും പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. തെരുവുവിളക്കുകൾ സംബന്ധിച്ചുള്ള പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിഹരിച്ച പരാതിയുടെ വിവരം നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

2. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടതെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വാർഡ് മെമ്പർ ചെയർമാനായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും കമ്മറ്റി വാർഡ് തല പരിശോധന നടത്തി പുരോഗതി വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ വർഷാന്ത്യ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

5. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്ന തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കുകയും തെരുവ് വിളക്ക് പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. : 7/2.6.25

## 1-23 ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല

2024-25 സാമ്പത്തിക വർഷംവി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമ്മാണം/ ഭവന പുനരുദ്ധാരണം പ്രോജക്ടുകളിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1.46/25-ലൈഫ് ഭവന നിർമ്മാണം-SCP

അടങ്കൽ-1,40,00,000

ചെലവ്-92,10,000

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| മിനിമോൾ വലിയവിള | 40000 | 07/03/25 |
| ആരോമലുണ്ണി | 40000<br>160000 | 13/01/25<br>07/03/25 |
| ആശ എസ് | 40000 | 25/01/25 |
| രേഷ്മ ടി | 40000<br>160000 | 25/01/25<br>07/03/25 |
| ബിജി | 40000<br>160000 | 13/01/25<br>07/03/25 |
| സുമ | 40000<br>160000 | 13/01/25<br>07/02/25 |

| | | |
|---|---|---|
| | 9569<br>90431 | 22/03/25<br>24/03/25 |
| ദിവ്യ. വി. എൻ | 40000<br>160000 | 07/03/25<br>22/03/25 |
| സുഭദ്ര | 40000<br>160000 | 07/03/25<br>22/03/25 |
| രഞ്ജിത്ത് | 40000<br>160000 | 12/12/22<br>30/12/22 |
| സുമി ബൈജു | 40000<br>160000 | 11/01/23<br>02/02/23 |
| ബിന്ദു | 40000<br>160000<br>100000 | 08/02/23<br>16/03/23<br>11/09/23 |
| സുധ | 40000<br>160000<br>10000<br>70000 | 05/07/23<br>28/05/24<br>26/07/24<br>06/11/24 |

2. പ്രോജക്റ്റ് നം: 188/25(വീട് മെയിൻറനൻസ്)

അടങ്കൽ-500000. ചെലവ്-150000

ഒന്നാം ഗഡു കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണ ഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

ശാന്ത, തൊടിയിൽ വീട്. 50000. 25/09/24

ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം/ ഭവന പുനരുദ്ധാരണം പൂർത്തീകരിപ്പിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-24 ഹരിതകർമ്മ സേനയുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല.

പ്രോജക്റ്റ് നമ്പർ 127/25(മാലിന്യ നിർമ്മാർജ്ജനം, ഇലക്ട്രിക് വാഹനം വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക – 5,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് -1,50,000, കേന്ദ്രാവിഷ്കൃത ഫണ്ട് – 3,50,000)

ചെലവ് – 149971 (സി.എഫ്.സി)എ സി ആർ Bill No.210/28.11.24

– 349921 (കേന്ദ്രാവിഷ്കൃതം)വൌച്ചർ നം-22411096/12-12-2024

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എംസിഎഫിൽ എത്തിക്കുന്നതിന് ഇലക്ട്രിക് വാഹനം GEM മുഖേന 499892 രൂപ ചെലവഴിച്ച് വാങ്ങി. വാഹനം വാങ്ങിയ ഇനത്തിൽ ജി എസ് ടി ഇനത്തിലുള്ള 8176 രൂപ കിഴിച്ചുള്ള 491716 രൂപ കുട്ടകാരൻ, ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നിലവിൽ വാഹനം ഹരിത കർമ്മ സേനയുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ഇലക്ട്രിക് വാഹനം Kl 02 ബി എക്സ് 4385 പിയാജിയോ, ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതും ഹരിത കർമ്മ സേനാംഗങ്ങൾ 14. 2 .25 തീയതിയിൽ മാലിന്യ നീക്കത്തിനായി വാഹനം ആദ്യമായി ഉപയോഗിച്ചപ്പോൾ തന്നെ അപകടത്തിൽപ്പെടുകയും മെയിന്റനൻസിനായി കുട്ടകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് മാറ്റുകയും ചെയ്തു. മെയിന്റനൻസ് പൂർത്തിയാക്കി 2025 മെയ് മാസം വാഹനം ലഭിച്ചിട്ടുണ്ടെന്നും ആയത് ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതും ലോഗ് ബുക്ക് സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . നിലവിൽ ഹരിത കർമ്മ സേനയുടെ ഉപയോഗത്തിനായി കുടുംബശ്രീയുടെ വാഹനം ഉപയോഗിച്ച് വാഹന വാടക നൽകിവരുന്നു. വാങ്ങിയ വാഹനം പ്രദേശത്തിനനുയോജ്യമല്ലെങ്കിൽ അപാകത പരിഹരിക്കേണ്ടതും വാങ്ങിയ വാഹനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.
എൻക്വയറി നം. 7/2.06.25

1-25 ഹൈമാസ്റ്റ് ലൈറ്റ് പരിപാലനവും പ്രവർത്തനവും കാര്യക്ഷമമാകണം

പ്രോജക്റ്റ് നം.153/25

അടങ്കൽ തുക-400000/-(തനത് ഫണ്ട്)

കരാറുകാരന്റെ പേര്-സുനിലാൽ.എസ്സ്

പ്രവൃത്തി നടന്ന കാലയളവ്-24/12/23-26/11/24

വൌച്ചർ നം.22401271/10-1-25

ബിൽ നം-334/7-1-25

എം.ബുക്ക് നം-84228/2023

| പ്രവൃത്തി നടന്ന സ്ഥലം | ഹൈമാസ്റ്റ് ലൈറ്റ് കൺസ്യൂമർ നമ്പർ | പ്രവൃത്തിയുടെ വിവരങ്ങൾ |
|---|---|---|
| പുത്തൻകുളം ജംഗ്ഷൻ വാർഡ് 5 | 1146710012829 | 200 W X5 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു.(ആകെ 5 ലൈറ്റുകൾ) |
| കലയ്ക്കോട് ആൽത്തറമൂട് ജംഗ്ഷൻ വാർഡ് 17 | 1146710012830 | 200 W X3 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു. 4-ാമത്തെ ലൈറ്റ് പ്രവൃത്തിക്കുന്നില്ല. |
| പൂതക്കുളം ജംഗ്ഷൻ വാർഡ് 10 | 1146710012831 | 200 W X5 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു.(ആകെ 5 ലൈറ്റുകൾ) |
| ഊന്നിൻമൂട് ജംഗ്ഷൻ വാർഡ് 9 | 1146710013708 | 150 W X5 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു. 6 -ാമത്തെ ലൈറ്റ് പ്രവൃത്തിക്കുന്നില്ല. |

പഞ്ചായത്തിലെ ഹൈമാസ്റ്റ് ലൈറ്റ് പോസ്റ്റുകളുടെ വിവരങ്ങൾ, KSEB ഹൈമാസ്റ്റ് ലൈറ്റുകൾ മാറ്റുന്നത് സംബന്ധിച്ച് കത്ത് നൽകിയതിന്റെ വിവരങ്ങൾ, പ്രവർത്തനരഹിതമായിരുന്നു എന്നു രേഖപ്പെടുത്തിയപ്പോഴും വൈദ്യുത ചാർജ്ജ് ഇനത്തിൽ തുക അടച്ചതിന്റെ സാഹചര്യം, കേടായ ലൈറ്റുകൾ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിച്ചതിന്റെ വിവരങ്ങൾ, ലൈറ്റുകൾ 200W(13 ലൈറ്റുകൾ ), 150W (5 ലൈറ്റുകൾ) പ്രവർത്തനരഹിതമാണ് എന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ. Replacement Warranty (3 വർഷം), AMC (3 വർഷം) എന്നിവ ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനിയർക്കും, സെക്രട്ടറിക്കും ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടികളിൽ Replacement Warranty
(3 വർഷം), AMC (3 വർഷം) എന്നിവ സർക്കാർ ഉത്തരവു പ്രകാരം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എഞ്ചിനീയർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ പ്രവർത്തനരഹിതമായ ലൈറ്റുകളുടെ വിവരങ്ങൾ സംബന്ധിച്ച കത്തും ലഭ്യമാക്കി.

പഞ്ചായത്തിൽ 5 ഹൈമാസ്റ്റ് ലൈറ്റ് പോസ്റ്റുകൾ ഉണ്ടെന്നും നിലവിൽ എല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ പ്രവർത്തിക്കാത്ത ലൈറ്റുകൾ സംബന്ധിച്ച് ആ കാലയളവിൽ കെ.എസ്.ഇ.ബി-യെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിവരം അറിയിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. 29/5/25 ന് ഓവർസിയറുമായി നടത്തിയ സ്ഥലപരിശോധനയിൽ കണ്ടതും, ഹാജരാക്കിയ ബില്ലുകൾ, മറുപടികൾ എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) പഞ്ചായത്തിലെ 5 ഹൈമാസ്റ്റ് ലൈറ്റുകളും പ്രവർത്തിക്കുന്നില്ല എന്നാണ് 14/7/2022 ലെ ഭരണസമിതി തീരുമാനം. മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള 4 ഇടങ്ങളിൽ മാത്രമാണ് ഹൈമാസ്റ്റ് ലൈറ്റുകൾ മാറ്റിയിട്ടിട്ടുള്ളതായി പരിശോധനയിൽ കണ്ടത്. ആയതിനാൽ 5-ാ മത്തെ സ്ഥലത്ത ലൈറ്റിന്റെ സ്ഥിതി വ്യക്തമല്ല.

(2) പുത്തൻകുളം ജംഗ്ഷനിൽ (കൺസ്യൂമർ നമ്പർ 1146710012829) ആകെയുള്ള 200W X 5 ലൈറ്റുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർ രേഖപ്പെടുത്തിയപ്പോഴും, KSEB മീറ്റർ റീഡിംഗ് പ്രകാരം വൈദ്യുത ചാർജ്ജ് അടയ്ക്കേണ്ടി വന്നിട്ടുണ്ട്.

(3) കലയ്ക്കോട് ആൽത്തറമൂട് ജംഗ്ഷനിൽ (കൺസ്യൂമർ നമ്പർ 1146710012830) 200Wx3 ലൈറ്റുകൾ മാറ്റിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ 3/25 വരെയുള്ള വൈദ്യുത ചാർജ്ജ് അടച്ചതിന്റെ രേഖകൾ പ്രകാരം ലൈറ്റുകൾ പ്രവർത്തിക്കുന്നില്ല.

(4)200W(13 ലൈറ്റുകൾ ), 150W (5 ലൈറ്റുകൾ) കേടായത് മാറ്റിയത് യഥാസമയം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(5)എം.ബുക്ക് പ്രകാരം 26/11/24 ലാണ് ചെക്ക് മെഷർമെന്റ് നടത്തിയിട്ടുള്ളത്. അതിനു ശേഷം കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഹൈമാസ്റ്റ് ലൈറ്റ് പരിപാലനവും പ്രവർത്തനവും ഉൾപ്പെട്ട മേൽ പദ്ധതിയിൽ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എഞ്ചിനീയർ, കെ.എസ്.ഇ.ബി എന്നിവർ ചേർന്ന് നടപ്പിലാക്കേണ്ട ഒരു പ്രവർത്തിയായിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ ഏകോപനം ഇല്ലാത്തതിനാലാണ് മേൽ പോരായ്മകൾ സംഭവിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം പ്രവർത്തികൾ നടപ്പാക്കുമ്പോൾ ഏകോപനം നടത്തുകയും സുതാര്യതയോടുകൂടി നിർവ്വഹണം നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

(ഓഡീറ്റ് എൻക്വയറി-6/2-6-2025)

## 1-26 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങലും, പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് താഴെ നല്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച തുക | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2021/22 | 2022-23 | 2023-24 | 2024-25 | | 2021/22 | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Intrastructure | 318178 | 988000 | 413000 | Nil | 1719178 | 318178 | 972693 | 0 | 0 | 1290871 | 428307 |
| 2 | Grant For Rural Health & Wellness Centres | 175897 | 410000 | 652000 | Nil | 1237897 | 175897 | 368755 | 4366 | 0 | 549018 | 688879 |
| 3 | Construction Of Building To Health Sub Centres | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil |

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനു സ്കീം-3 പ്രകാരം ചെയ്യാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 213178 | 175439 | - | - | |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | - | 613533 | | | |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ , റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | 100000 | 178721 | | | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | | | | | |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | 5000 | 5000 | | | |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ. | | | | | |
| | ആകെ | 318178 | 972693 | | | |

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-25 | |
| 1 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ. | 45000 | 304390 | 4366 | - | 3,53,756 |
| 2 | ഇന്റർനെറ്റ് ചാർജ് | 10000 | 4000 | | | 14,000 |
| 3 | ബോധവൽക്കരണ ക്ലാസ്സുകൾ | 64000 | 1200 | | | 65,200 |
| 4 | ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | | 9940 | | | 9940 |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക, | 56922 | 49225 | | | 106147 |
| | ആകെ | 175922 | 368755 | 4366 | | 5,49,043 |

2023 - 24 വർഷത്തെ ഹെൽത്ത് ഗ്രാന്റ് 2025 മാർച്ചിലാണ് ലഭ്യമായത് ആയതിനാൽ ടി വർഷം പദ്ധതികൾ നടപ്പിലാക്കാൻ പറ്റാതെ സ്പിൽഓവർ ആയി മാറിയിട്ടുണ്ട്. ആയതിനാൽ എല്ലാ വർഷവും ഡിസംബറിനു മുന്നേ തുക ലഭ്യമാക്കിയാൽ മാത്രമേ അതാത് വർഷങ്ങളിൽ ആസൂത്രണത്തോടെ കൃത്യമായി ചിലവഴിക്കാൻ സാധിക്കുകയുള്ളൂ. പഞ്ചായത്ത് ഹെൽത്ത് ഗ്രാന്റിൽ (SCHEME-3) ചില സ്ഥാപനങ്ങൾക്കെങ്കിലും നിർമ്മാണപ്രവർത്തികൾ ലാബിൽ നടത്തേണ്ടി വരും. PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകാര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തണം. SCHEME-3,4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തേണ്ടതായും കാണുന്നു.
ഓഡിറ്റ് എൻക്വയറി-നം-2/29-5-25

## 1-27 ജലജീവൻ മിഷൻ പദ്ധതി

ജലജീവൻ മിഷൻ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സ്ഥാപനവിഹിതം | ഗുണഭോക്തൃ വിഹിതം |
|---|---|---|
| 2021-22 | 900000 | 599850 |
| 2022-23 | ഇല്ല | ഇല്ല |
| 2023-24 | ഇല്ല | ഇല്ല |
| 2024-25 | ഇല്ല | ഇല്ല |

2021 22 വാർഷിക പദ്ധതിയിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള സ്ഥാപനവിഹിതം അടവാക്കുന്നതിന് വികസന ഫണ്ട് ജനറൽ 900000 രൂപയും ഗുണഭോക്തൃ വിഹിതം 599850 രൂപയും വകയിരുത്തി പ്രോജക്ട് നമ്പർ 119/ 22 ജലജീവൻ മിഷൻ പദ്ധതി എന്ന പ്രോജക്ട് തയ്യാറാക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് മറ്റു നിർമ്മാണ പ്രവർത്തികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ലാത്തതാണ്. 2024 -25 വർഷത്തെ വാർഷികധനകാര്യപത്രിയിൽ 818585 രൂപ ഗുണഭോക്തൃ വിഹിതമായി ഗ്രാമപഞ്ചായത്തിൽ ശേഷിക്കുന്നുണ്ട് .ഡിമാൻഡ് ലഭിക്കുന്ന മുറയ്ക്ക് തുക അടവാക്കുന്നതാണെന്ന് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 18 | 108000 | 108000 | 0/- | - |
| | | | | |

(1-4-24 മുതൽ 31-3-25നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

*2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതൽ അല്ലെങ്കിൽ 7/23മുതലുള്ളകുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24മുതൽ 31/3/25നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ചമാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ളകുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

ഓഡിറ്റ് എൻക്വയറി-9

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 26-05-2025 | കെ.എസ്.എ.കെ.എൽ.എം.പി5/1243/2025 തീയതി – 20-07.2025 |

## 4-3 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 58750 | 35/25അനുപൂരക പോഷകാഹാരം | 58750 | - |
| ജില്ലാ പഞ്ചായത്ത് | 221200 | 42/25ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 221200 | - |
| ജില്ലാ പഞ്ചായത്ത് | 700000 | 14/25ലൈഫ്-ജനറൽ | 700000 | - |
| ജില്ലാ പഞ്ചായത്ത് | 200000 | 15/25ലൈഫ്-ഭൂരഹിത ഭവനരഹിതർക്ക് ഭൂമിവാങ്ങൽ-ജനറൽ | 200000 | |
| ജില്ലാ പഞ്ചായത്ത് | 1280000 | 46/25ലൈഫ്- ഭവന നിർമ്മാണം എസ്.സി | 1280000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 130000 | 14/25ലൈഫ്-ജനറൽ | 130000 | |
| ബ്ലോക്ക് പഞ്ചായത്ത് | 282080 | 30/25ബഡ്സ് സ്കൂൾ | 282080 | |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | അനുപൂരക പോഷകാഹാരം | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 520000 | 107/25ലൈഫ്- ഭവന നിർമ്മാണം ജനറൽ | 520000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 1740000 | 46/25ലൈഫ് ഭവനനിർമ്മാണംഎസ്.സി.പി | 1740000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 219752 | 54/25 അതിദരിദ്രർക്ക് ഭക്ഷണക്കിറ്റ് നൽകൽ | 219752 | - |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 188/25അതിദാരിദ്ര്യനിർണ്ണയ പ്രക്രിയ-വീട് മെയിന്റനൻസ് | 150000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 396716 | 4/25ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 396716 | |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | 60/25 നഗരസഞ്ജയ പദ്ധതി-പാണാട്ട് ചിറയിൽ പാർശ്വഭിത്തി ഷട്ടർ നിർമ്മാണം | 265812 19/03/25 | 1051000 | - | 1051000 |
| ഇറിഗേഷൻ വകുപ്പ് | 98/25 കലക്കോട് തെക്കേ ഏലത്തോട് നവീകരണം | 515/ 19/03/25 | 1214500 | - | 1214500 |
| ഇറിഗേഷൻ വകുപ്പ് | 99/25 മാത്തിൽ കുളം ഏലാത്തോട് നവീകരണം | 361/ 22/01/25 | 1000000 | - | 1000000 |
| AE, PWD ഇലക്ട്രോണിക്സ് സെക്ഷൻ ,കൊല്ലം | 115/25 മാലിന്യ നിക്ഷേപമുള്ള മേഖലകളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ | 265811 19/03/25 | 1000000 | | 1000000 |
| AE, PWD ഇലക്ട്രോണിക്സ് സെക്ഷൻ, കൊല്ലം | 125/25 മാലിന്യനിക്ഷേപം ഉള്ള മേഖലകളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ | 265811 19/03/25 | 500000 | | 500000 |
| | | | | | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9084990/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം തിരിച്ചടച്ചതും വർഷാവസാനം തിരിച്ചടയ്ക്കാൻ ശേഷിക്കുന്നതുമായ വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി-18/05/18 | 90,84,990/- | 21,4,95,821/- | 2768677/- | - | 2,78,12,134/- |

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2607 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും / ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2023-24 | 1-11 | 117 | ദേവികരാജ് | 124050678/13-03-2025 |
| 2015-16 | 2-1 | 2490 | മാനേജർ | 1240101116/17-07-2024 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

1) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

2) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,00,000/- | ഡോ.നസിയ,മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-18 | 19,500/- | ഡോ.അനൂപ്,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-19 | 2,72,976/- | ഡോ. അനൂപ്,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-21 | 47,65,500 /- | ശ്രീ. രാജേഷ് കുമാർ,സെക്രട്ടറി |

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

4) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

5) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും/ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, പൂതക്കുളം ഗ്രാപഞ്ചായത്ത് | രാഘവ ഭവൻ, ഇടയാടി, പൂതക്കുളം.പി.ഒ |
| ഡോ.നസിയ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി,പൂതക്കുളം | ഗുൽമോഹർ, കൊട്ടിയം പി.ഒ |
| ഡോ.അനൂപ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കലയ്ക്കോട് | ഈച്ചപ്പറമ്പിൽ, കാവിൽ, കൈക്കുളങ്ങര വെസ്റ്റ്, കൊല്ലം |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-2003 | കെ.എസ്.എ-കെ.എൽ.എം-പി 5/34/22, തീ.10.10.22 | 0 |
| 2003-2004 | കെ.എസ്.എ-കെ.എൽ.എം-പി 5/371(7)/2018, തീ. 23-2-18 | 2 |
| 2004-2005 | കെ.എസ്.എ-കെ.എൽ.എം-പി 5/33/22 തീ. 28-11-22 | 0 |
| 2005-2006 | കെ.എസ്.എ-കെ.എൽ.എം-പി 5/32/22, തീ. 28-11-22 | 0 |
| 2006-2007 | കെ.എസ്.എ-കെ.എൽ.എം-പി 5/31/22, തീ. 28-11-22 | 3 |

| | | |
|---|---|---|
| 2007-2008 | കെ.എസ്.എ-കെ.എൽ.എം-പി 5/30/22, തീ. 1-08-22 | 3 |
| 2008-2009 | കെ.എസ്.എ-കെ.എൽ.എം-പി 5/805 (3)/19, തീ. 12-06-19 | 2 |
| 2009-2010 | കെ.എസ്.എ-കെ.എൽ.എം-പി 5/805 (4)/19, തീ. 12-06-19 | 1 |
| 2010-2011 | കെ.എസ്.എ-കെ.എൽ.എം-പി 5/28/22, തീ. 23-11-22 | 0 |
| 2011-2012 | കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത്, 2011-12/922/22 തീ. 25.08.22 | 7 |
| 2012-2013 & 2013-2014 | കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത്, 2012-13 & 2013-14/922/22 തീ. 25.08.22 | 8 |
| 2014-2015 | കെ.എസ്.എ-കെ.എൽ.എം. പി-5/അദാലത്ത് 2014-15/922/22 തീ. 25.08.22 | 13 |
| 2015-2016 | കെ.എസ്.എ-കെ.എൽ.എം.പി-5/അദാലത്ത് 2015-16/922/22 തീ. 25.08.22 | 4 |
| 2016-2017 | കെ.എസ്.എ-കെ.എൽ.എം. പി-5/1324/21, തീ. 02.11.22 | 7 |
| 2017-2018 | കെ.എസ്.എ-കെ.എൽ.എം. പി-5/12/2020, തീ. 09.03.2020 | 1 |
| 2018-2019 | കെ.എസ്.എ-കെ.എൽ.എം. പി-5/1683/23, തീ. 25-01-2024 | 4 |
| 2019-2020 | കെ.എസ്.എ-കെ.എൽ.എം.പി-5/1025/22, തീ. 28.5.23 | 3 |
| 2020-2021 | കെ.എസ്.എ-കെ.എൽ.എം.പി-5/1026/22, തീ. 23-05-2023 | 8 |
| 2021-2022 | കെ.എസ്.എ-കെ.എൽ.എം.പി-5/2043/22, തീ. 2.03.24 | 11 |
| 2022-2023 | കെ.എസ്.എ-കെ.എൽ.എം.പി-5/1428/23, തീ. 17-04-2024 | 10 |
| 2023-2024 | കെ.എസ്.എ-കെ.എൽ.എം.പി-5/2202/24 , തീ. 17.12.24 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 (5) dated 1 (5) dated 29-04-2025 and submitted on 09-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Poothakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Poothakkulam Grama Panchayat as on 31-03-2025

Date: 20/07/2025 Deputy Director

Kerala State Audit Department

## Audit Report appended to the Audit Certificate of Poothakkulam Grama Panchayat for the Year 2024-2025.

1.Major Observations

2.Other Observations

1. The following Mandatory Financial statements prescribed in accounting rules are not submitted for audit.
Ratios, Secretary`s notes.
2. Cashflow statement - Net increase /decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalent.
3. Loan Register not produced for verification.
4. Amount recorded in RP-30 Head- 320300199 is in mismatch with that of Ledger.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്